01
മാർച്ച്
2019

കൊറേ കാടുകളിൽ നിന്നു പ്രസിദ്ധീകരിക്കുന്ന ഏക വനപത്രം

# ജംഗിൾ ന്യൂസ്

JUNGLE NEWS DAILY, PUBLISHED FROM THIRUVANAM PURAM, KOZHIKOOD, ERUMAKULAM, MAYILPURAM, PATTIKKAD, KAKKANCHERY



ജംഗിൾ ന്യൂസ് പത്രത്തിലേക്ക് കൂട്ടുകാരുടെ
രസകരമായ വാർത്തകൾ ക്ഷണിക്കുന്നു..
പേര്, ക്ലാസ്, സ്കൂൾ എന്നിവ ചേർക്കാൻ മറക്കരുത്.
വാർത്തകൾ വാട്സാപ്പ് ചെയ്യുക:
8281572448


## ഇനി റോഡിന് കറുപ്പ് നിറം അനുവദിക്കില്ല - പശു യൂണിയൻ



**പശുപുരം:** റോഡിന് ടാർ ചെയ്യാൻ കറുപ്പ് നിറം തന്നെ വേണമെന്ന് എന്താ ഇത്ര നിർബന്ധമെന്നും കാവി നിറമല്ലേ ഏറ്റവും അനുയോജ്യം എന്നും പശുയൂണിയൻ പ്രസിഡന്റ് ശോഭാ പശു പറഞ്ഞു.

കാക്കകളുടെ നിറമാണ് കറുപ്പ്. അവരുടെ നിറം പൊതുസംരംഭമായ റോഡിന് നൽകുന്നത് അനുയോജ്യമല്ലെന്നും ഇത്രയും കാലം ഞങ്ങൾ മിണ്ടാതിരിക്കുകയായിരുന്നു എന്നും ഇനിയും പശുക്കൾ ഉറങ്ങിക്കിടക്കരുത് എന്നും ഉണരൂ പശുക്കളേ ഉണരൂ എന്നും പറഞ്ഞു ശോഭ.

അല്ലെങ്കിൽ റോഡ് ടാറ് ചെയ്യുന്നതിന് പകരം ചാണകം കൊണ്ട് മെഴുകിയാൽ എത്ര മനോഹരമാകുമെന്നും അതേപ്പറ്റി ഇന്നേവരെ എന്തുകൊണ്ട് അധികാരികൾ ആലോചിക്കുന്നില്ല എന്നും അവർ ചോദിച്ചു.

## കാടിനെ ചാണകക്കുഴിയാക്കാൻ സമ്മതിക്കില്ല - മുഖ്യമന്ത്രി



**തിരുവനംപുരം:** കാടിനെ ചാണകക്കുഴിയാക്കാനാണ് ബലൂൺ ജംഗിൾ പാർട്ടിയും പശുയൂണിയനുമെല്ലാം ശ്രമിക്കുന്നതെന്നും അത് ഇവിടെ നടക്കില്ല എന്നും മുഖ്യമന്ത്രി ചടയൻ സിംഹം. ഇത് സ്ഥലം വേറെയാണ്. പഠിപ്പും വിവരവുമുള്ളവരാണ് ഇവിടുത്തെ മൃഗങ്ങൾ. റോഡ് ചാണകം കൊണ്ട് നിർമിച്ചു കൂടേ എന്ന വിഡ്ഢിത്വങ്ങളൊക്കെ വിദ്യാഭ്യാസമില്ലാത്തവരുടെ അടുത്ത് ചെലവാകും.

കാട് മൊത്തം ചാണകം കൊണ്ടുള്ള റോഡ് നിർമിക്കുകയും മഴ പെയ്യുമ്പോൾ അതെല്ലാം കുതിർന്ന് ആകെ മോശമാവുകയും അങ്ങനെ നമ്മുടെ കാടിനെ ഒരു ചാണകക്കുണ്ട് ആക്കുകയും ചെയ്യാനാണ് അവരുടെ ശ്രമം. അതൊന്നും ഇവിടെ വിലപ്പോവില്ല എന്നും മുഖ്യൻ പറഞ്ഞു.

# ആകാശത്തിന് തുള വീഴുന്നു, മൃഗങ്ങൾ ഭീതിയിൽ

**ന്യൂ ജംഗ്ൾ:** ആകാശത്തിന് തുള വീഴുകയാണെന്ന പഠന റിപ്പോർട്ടിനെ തുടർന്ന് മൃഗങ്ങളെല്ലാം ഭീതിയിലാണ്. പ്രശസ്ത വാന നിരീക്ഷകൻ സൈക്കോ ജിറാഫാണ് പഠന റിപ്പോർട്ട് പുറത്തു വിട്ടത്.



സ്വാഭാവികമായ ഒരു തുള ആകാശത്തിനുണ്ട്. അതിലൂടെയാണ് മഴ പെയ്യുന്നത്. എന്നാൽ ഇപ്പോൾ നമുക്ക് ലഭിക്കുന്ന മഴ കുറച്ചുകൂടി കട്ടിയേറിയ തുള്ളികളായിട്ടാണെന്നും അതിനർഥം ആകാശത്തിന്റെ തുളക്ക് വലുപ്പം കൂടുകയാണ് എന്നുമാണ് സൈക്കോ പറയുന്നത്. എന്നാൽ അരുവിയിലെ വെള്ളം ചൂടേറ്റ് നീരാവിയായി മേഘമായി അങ്ങനെയങ്ങനെയാണ് മഴ പെയ്യുന്നത് എന്നും സൈക്കോ ജിറാഫിന് വട്ടാണെന്നും മിന്നുമുയൽ പറഞ്ഞു.

ആര് പറയുന്നത് വിശ്വസിക്കും എന്നറിയാതെ നട്ടം തിരിയുകയാണ് മൃഗങ്ങൾ. വാട്ട്സപ്പിലൂടെ തീർത്തും വിശ്വാസയോഗ്യമല്ലാത്ത വാർത്തകളാണ് നിരന്തരം മൃഗങ്ങൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്നത്. ഭൂഗുരുത്വാകർഷണ ബലം മൂലമാണ് മരങ്ങളെല്ലാം ഭൂമിയിൽ പറ്റിനിൽക്കുന്നതെന്നും 2019- ൽ ഭൂമിയുടെ ആ ബലം നഷ്ടപ്പെടാൻ പോവുകയാണെന്നും മരങ്ങളെല്ലാം ഇനി പാറി നടക്കുമെന്നെല്ലാം വാട്ട്സപ്പിൽ പ്രചരിച്ചിരുന്നു.

അത് കേട്ട് ഭയന്ന് മരങ്ങളെല്ലാം വെട്ടിയ ഒട്ടേറെ പേരുണ്ട്. ഇത്തരം നുണകൾ പ്രചരിക്കുന്നത് തടയാൻ സർക്കാർ സംവിധാനം കാണണമെന്നും സൈക്കോ ജിറാഫിന്റെ പഠനവും കല്ലുവെച്ച നുണയാണെന്നും അയാളെ ചികിൽസിക്കണമെന്നും മിന്നു മുയൽ പറഞ്ഞു.

## എലഫെന്റ് ഫ്രം നൈജീരിയ മികച്ച ചിത്രം



**കാടമ്പാക്കം:** കഴിഞ്ഞ വർഷത്തെ മികച്ച ചിത്രമായി എലഫെന്റ് ഫ്രം നൈജീരിയ എന്ന ചിത്രം തെരഞ്ഞെടുത്തു. ഫുട്ബോൾ കളിക്കാനായി നൈജീരിയൻ കാട്ടിൽ നിന്നും വന്ന് പരിക്ക് പറ്റിയ ടൈറൂസ് എന്ന ആനയുടെ കഥയാണ് സിനിമ പറയുന്നത്. ടൈറൂസിന് തീറ്റ വാങ്ങിക്കൊടുത്ത് മുടിഞ്ഞ ടീം മാനേജർ ഒടുക്കം ഉള്ള വീടും വിറ്റ് ഫുട്ബോൾ എന്ന് കേൾക്കുമ്പോൾ തന്നെ വയലന്റാകുന്ന ഒരു പ്രത്യേക മാനസികാവസ്ഥയിലെത്തുന്നു. മനോഹരമായ രീതിയിലാണ് ഈ കഥ സംവിധായകൻ മനോഹർ കുറുക്കൻ ചെയ്തതെന്ന് ജൂറിചെയർമാൻ കല്ലൻ സിംഹം പറഞ്ഞു. മനോഹരന് എല്ലാം മനോഹരമാക്കാനേ അറിയൂ എന്നായിരുന്നു വിനയത്തോടെയുള്ള മനോഹരന്റെ അവാർഡ് നേട്ടത്തെപ്പറ്റിയുള്ള കമന്റ്.